"ഭരണഭാഷ-മാതൃഭാഷ"

No.DWCD/3986/2025-WEC1 വനിത ശിശു വികസന ഡയറക്ടറുടെ കാര്യാലയം

പൂജപ്പുര, തിരുവനന്തപുരം

തീയതി :03-11-2025

Email - wcdwec@gmail.com

Phone : 0471 – 2346534

## വിജ്ഞാപനം

വിഷയം:- വനിതാ ശിശു വികസന വകുപ്പ്- മികച്ച വനിതാ പ്രവർത്തകർക്കുള്ള വനിതാ രത്ന പുരസ്കാരം 2025 – അപേക്ഷ/നോമിനേഷൻ ക്ഷണിക്കുന്നത് സംബന്ധിച്ച്;

സൂചന:- സ ഉ (സാധാ) നം.436/2025/WCDD തീയതി, 22.10.2025;

വിവിധ മേഖലകളിൽ സ്തുത്യർഹമായ നേട്ടങ്ങൾ കൈവരിച്ച വനിതകളെ ആദരിക്കുന്നതിലേക്കായി സംസ്ഥാന സർക്കാർ വനിതാരത്ന പുരസ്കാരം നൽകിവരുന്നുണ്ട്. 2025 ലെ വനിതാരത്ന പുരസ്കാരം ചുവടെ ചേർത്തിട്ടുള്ള 6 മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള വനിതകൾക്ക് അവാർഡ് നൽകുന്നതിലേക്കായി ജില്ലകളിൽ നിന്ന് അപേക്ഷ സ്വീകരിക്കാതെ മറ്റു വ്യക്തികൾ സ്ഥാപനങ്ങൾ/ സംഘടനകൾ എന്നിവർ മുഖേന നോമിനേഷനുകൾ ക്ഷണിക്കുന്നു.

1. സാമൂഹ്യ സേവനം
2. കായികരംഗം
3. പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ജീവിത വിജയം നേടിയ വനിത
4. സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണം
5. വിദ്യാഭ്യാസ മേഖലയിലും ശാസ്ത്ര സാങ്കേതിക മേഖലയിലും വ്യക്തി മുദ്ര പതിപ്പിച്ച വനിത
6. കലാരംഗം

2025 വർഷത്തെ പുരസ്കാരം മേൽ പരാമർശിച്ചിട്ടുള്ള 6 മേഖലകളിൽ പ്രാവീണ്യം തെളിയിച്ച വനിതകൾക്കാണ് നൽകുന്നത്. ഓരോ പുരസ്കാര ജേതാവിനും 1 ലക്ഷം രൂപ വീതവും ശില്പവും പ്രശസ്തി പത്രവും നൽകുന്നു. ടി മേഖലയിൽ പ്രവർത്തിക്കുന്ന വനിതകൾക്ക് അവാർഡിനായി പരിഗണിക്കുന്നതിലേക്ക് മറ്റു വ്യക്തികൾ സ്ഥാപനങ്ങൾ/ സംഘടനകൾ എന്നിവർ മുഖേന നോമിനേഷനും, വിശദ വിവരവും ജില്ലാ വനിതാ ശിശു വികസന ഓഫീസർക്ക് നൽകേണ്ടതാണ്.

മറ്റ് വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും മേൽസൂചിപ്പിച്ച മേഖലകളിൽ സ്തുത്യർഹമായി പ്രവർത്തിക്കുന്ന വനിതകളെ അവാർഡിനായി നാമ നിർദേശം ചെയ്യുകയും അത്തരത്തിൽ ലഭിക്കുന്ന നോമിനേഷനുകൾ ജില്ല വനിത ശിശു വികസന ഓഫീസർക്ക് സമർപ്പിക്കേണ്ട അവസാന തിയ്യതി 15.12.2025 ആണ്. ജില്ല

കളക്ടറുടെ അധ്യക്ഷതയിൽ ജില്ലാതല സെലക്ഷൻ കമ്മിറ്റി 25.12.2025 നകം കൂടി ശിപാർശകൾ സഹിതം 31.12.2025 ന് മുമ്പായി ജില്ല വനിത ശിശു വികസന ഓഫീസർ വനിത ശിശു വികസന ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതാണ്.

അവാർഡിനായി നോമിനേറ്റ് ചെയ്യുമ്പോൾ ചുവടെ രേഖപെടുത്തിയിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

1. അവാർഡിനായി നോമിനേറ്റ് ചെയ്യപ്പെടുന്ന വ്യക്തി ജീവിച്ചിരിക്കുന്ന ആളാകണം.
2. കഴിഞ്ഞ 5 വർഷമെങ്കിലും പ്രസ്തുത മേഖലയിൽ പ്രവർത്തിച്ചവർ ആയിരിക്കണം.
3. അവസാന തിയതിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ അവാർഡിന് പരിഗണിക്കുന്നതല്ല .

വനിതാ ശിശു വികസന ഡയറക്ടർ

"ഭരണഭാഷ-മാതൃഭാഷ"

No.DWCD/3986/2025-WEC1


വനിത ശിശുവികസന ഡയറക്ടറുടെ കാര്യാലയം,
പൂജപ്പുര,തിരുവനന്തപുരം

തീയതി : 03-11-2025

E-Mail:directorate.wcd@kerala.gov.in
Phone No.0471-2346534


## സർക്കുലർ

വിഷയം:- വനിത ശിശുവികസന വകുപ്പ്- വനിത രത്ന പുരസ്കാരം 2025 നോമിനേറ്റ് ചെയ്തു അയക്കുന്നത് -സംബന്ധിച്ച്:-

സൂചന:- 1. സ ഉ (സാധാ) നം.436/2025/WCDD തിയ്യതി : 22.10.2025;

2. ഈ കാര്യലയത്തിലെ 3.11.2025 തിയ്യതിയിലെ വിജ്ഞാപനം;

വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ച വനിതകളെ ആദരിക്കുന്നതിനായി 2015 മുതൽ സംസ്ഥാന സർക്കാർ വനിതാരത്ന പുരസ്കാരം നൽകി വരുന്നുണ്ട്. 2025 ലെ വനിതാരത്ന പുരസ്കാരം നൽകുന്നതിലേയ്ക്കായി സാമൂഹ്യ സേവനം. കായിക രംഗം, പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ജീവിത വിജയം നേടിയ വനിത, സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണം, വിദ്യാഭ്യാസ മേഖലകളിലും ശാസ്ത്ര സാങ്കേതിക മേഖലകളിലും വ്യക്തി മുദ്ര പതിപ്പിച്ച വനിതകൾ, കലാരംഗം എന്നീ 6 മേഖലകളിലാണ് വനിത രത്ന പുരസ്കാരം നൽകി വരുന്നത് . 2023 വർഷം മുതൽ ജില്ലകളിൽ നിന്ന് അപേക്ഷ സ്വീകരിക്കാതെ മറ്റ് വ്യക്തികൾ/സ്ഥാപനങ്ങൾ/ സംഘടനകളിൽ നിന്ന് നോമിനേഷനുകൾ മാത്രം ക്ഷണിക്കുന്നു. ടി വിവരം ജില്ലാ വനിത ശിശു വികസന ഓഫീസർമാർ വകുപ്പിൻറെ ബ്ലോക്ക് തല കാര്യാലയങ്ങളിൽ അറിയിക്കേണ്ടതും പ്രാദേശിക വാർത്താ മാധ്യമങ്ങളിലൂടെ പ്രചാരണം നടത്തേണ്ടതുമാണ്. സാമൂഹ്യ സേവനം, കായികം, പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ജീവിത വിജയം നേടിയ വനിത, സ്ത്രീകളുടെയും കുട്ടികളുടെയും ശാക്തീകരണം, വിദ്യാഭ്യാസ മേഖലകളിലും ശാസ്ത്ര സാങ്കേതിക മേഖലകളിലും വ്യക്തി മുദ്ര പതിപ്പിച്ച വനിത, കലാ രംഗം എന്നീ മേഖലകളിൽ സ്തുത്യർഹമായി പ്രവർത്തിക്കുന്ന വനിതകളെ വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും അവാർഡിനായി നാമനിർദ്ദേശം ചെയ്ത് ജില്ലാ വനിത ശിശു വികസന ഓഫീസർക്ക് സമർപ്പിക്കേണ്ട അവസാന തീയതി 2025 ഡിസംബർ 15 നാണ്. ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ജില്ലാ തല സെലക്ഷൻ കമ്മിറ്റി 25.12.2025 നകം കൂടി ശിപാർശകൾ സഹിതം 31.12.2025 മുമ്പായി ജില്ലാ വനിത ശിശു വികസന ഓഫിസർമാർ വനിത ശിശു വികസന ഡയറക്ടേറ്റിൽ സമർപ്പിക്കേണ്ടതാണ്. ജില്ലകളിൽ വിവിധ മേഖലകളിൽ മതിയായ നോമിനേഷനുകൾ ലഭിക്കാത്ത പക്ഷം ജില്ലാതല സെലക്ഷൻ കമ്മിറ്റിക്ക് തന്നെ പ്രാവീണ്യം തെളിയിച്ച അർഹമായ വനിതകളെ അവാർഡിനായി ശുപാർശ ചെയ്യാവുന്നതാണ്. ജില്ലകളിൽ നിന്ന് ലഭ്യമായ

നോമിനേഷനുകൾ വനിത ശിശു വികസന ഡയറക്ടറേറ്റിൽ നിന്നും സർക്കാരിലേക്ക് സമർപ്പിച്ച് സർക്കാർ തലത്തിൽ രൂപീകരിച്ചിട്ടുള്ള അവാർഡ് സ്ക്രീനിംഗ് കമ്മിറ്റി പരിശോധിച്ച് അവാർഡ് ജേതാക്കളെ തെരഞ്ഞെടുക്കുന്നതും ജില്ലാ തല സെലക്ഷൻ കമ്മിറ്റി നോമിനേറ്റ് ചെയ്യാത്തതും ജില്ലകളിൽ നോമിനേഷൻ സമർപ്പിക്കാത്തതുമായ , വിവിധ മേഖലകളിൽ പ്രാവീണ്യം തെളിയിച്ച അർഹരായ വനിതകളുടെ പേര് സംസ്ഥാന തല സ്ക്രീനിംഗ് കമ്മിറ്റി നോമിനേറ്റ് ചെയ്യുന്നതുമാണ്.

സമയ പരിധിയും മാനദണ്ഡവും കൃത്യമായി പാലിക്കേണ്ടതാണ് സമയ പരിധി കഴിഞ്ഞു ലഭ്യമാകുന്ന നോമിനേഷനുകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല സമയബന്ധിതമായി ജില്ല തല സെലക്ഷൻ കമ്മിറ്റി കൂടുന്നതിനുള്ള ക്രമീകരണങ്ങൾ ജില്ല വനിത ശിശു വികസന ഓഫീസർമാർ സ്വീകരിക്കേണ്ടതാണ്

<u>ജില്ലാതല സെലക്ഷൻ കമ്മിറ്റി</u>

1. ജില്ല കളക്ടർ - ചെയർമാൻ
2. ജില്ല പോലീസ് മേധാവി - മെമ്പർ
3. ജില്ല മെഡിക്കൽ ഓഫീസർ - മെമ്പർ
4. പൊതു വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർ - മെമ്പർ
5. ജില്ല ഇൻഫർമേഷൻ ഓഫീസർ - മെമ്പർ
6. ജില്ല കളക്ടർ നോമിനേറ്റ് ചെയ്യുന്ന രണ്ടു സന്നദ്ധ സംഘടന പ്രതിനിധികൾ - മെമ്പർ (2)
7. ജില്ല വനിത ശിശു വികസന ഓഫീസർ - കൺവീനർ

അവാർഡിനായി നോമിനേറ്റ് ചെയ്യുമ്പോൾ ചുവടെ രേഖപ്പെടുത്തിയിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.

1. അവാർഡിനായി നോമിനേറ്റ് ചെയ്യപ്പെടുന്ന വ്യക്തി ജീവിച്ചിരിക്കുന്ന ആളാകണം.
2. കഴിഞ്ഞ 5 വർഷമെങ്കിലും പ്രസ്തുത മേഖലയിൽ പ്രവർത്തിച്ചവരായിരിക്കണം.
3. അവസാന തീയതിക്കുശേഷം ലഭിക്കുന്ന നോമിനേഷനുകൾ അവാർഡിന് പരിഗണിക്കുന്നതല്ല

വനിത ശിശു വികസന ഡയറക്ടർ

പകർപ്പ് :-

1. എല്ലാ ജില്ല വനിത ശിശു വികസന ഓഫീസർമാർക്കും.
2. എല്ലാ പ്രോഗ്രാം ഓഫീസർമാർക്കും
3. എല്ലാ ശിശു വികസന പദ്ധതി ഓഫീസർമാർക്കും
4. വെബ് സൈറ്റ്
5. കരുതൽ ഫയൽ